പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 55 — 28.06.2016-ൽ മറുപടിക്ക്

## അന്യ സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. ബാബു | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | നമ്മുടെ സംസ്ഥാനത്ത് അന്യ സംസ്ഥാന തൊഴിലാളികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അന്യ സംസ്ഥാന തൊഴിലാളികളുടെ വരവ് നിയന്ത്രിക്കുന്നതിനായി നിലവിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇല്ല; ഉദിക്കുന്നില്ല. |
| (സി) | സംസ്ഥാനത്തേക്ക് വരുന്ന മുഴുവൻ അന്യ സംസ്ഥാന തൊഴിലാളികളുടേയും ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുന്നുണ്ടോ; | (സി) & (ഡി) | സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/2009, തീയതി 05.11.2009 പ്രകാരം അന്യസംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ബയോഡാറ്റയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരും തൊഴിലുടമകളും സ്വമേധയാ അതാത് പോലീസ് സ്റ്റേഷനുകളിൽ അറിയിക്കേണ്ടതും ടി വിവരം പോലീസ് സ്റ്റേഷനുകളിൽ ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള ഒരു ഡാറ്റാ ബെയ്സ് (Data Base)-ൽ ഉൾപ്പെടുത്തി |
| (ഡി) | ഇവർക്ക് ഐഡന്റിറ്റി കാർഡ്, മെഡിക്കൽ പരിശോധന നടത്തിയ ആരോഗ്യ കാർഡ് എന്നിവ നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | | |

സൂക്ഷിച്ചും വരുന്നുണ്ട്. പുതുതായി വരുന്ന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിന് തൊഴിൽ ഉടമകൾക്കും ഏജന്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

Rajani.N

സെക്ഷൻ ഓഫീസർ